൩൩൩						൨൩൪ എ, ൨൩൪ ബി എ	പാട്ടം, ജന്മം		...	...	൨൭൦൩൪	വടലി ഉൾപ്പടെ പന ... ൭ൻ	ദൾനംകൊപ്പ ശ്രീധരൻ നമ്പൂതിരി	ദൾനംകൊപ്പ കണക്കശൊക്കലിംഗം നീലകണ്ഠൻ ശൊക്കലിംഗം പിള്ളപ്പിള്ള	ടി ൨൦

സർവ്വേ നമ്പർ	സ്ഥലം എടുക്കുന്ന ഇട്ടുനാവകയുടെ	വസ്തു കിടക്കുന്ന താലൂക്ക	പ്രവൃത്തി	ദേശം	കണ്ടം	ലക്കം	ജന്മം	നിലമൊ പുരയിടമൊ എന്നു	എടുക്കുന്ന സ്ഥലത്തിന്റെ നീളം അടി	വീതി അടി	പെരുക്കം അടി	വൃക്ഷത്തിന്റെയും മററം വിവരം	പെരിൽ പതിവുകാരന്റെ പെര	അനുഭവക്കാരന്റെ പെര	വിചാരണയ്ക്കു മാസം തീയതി
൩൩൮	തോവാള ചാനൽ	തോവാള	അനന്തപുരം	അനന്തപുരം	...	൨൩൪൮ എൽ ൨	പാട്ടം	വൃക്ഷം	...	...	...	പന ൩	ഉടയടിശ്ശെരി പകുക്കാ	ഉടയടിശ്ശെരി പറപെച്ചി ആണ്ടി പിച്ചക്കാറൻ മറവൻ	൧൦൮൨ മേടം ൨൦
൩൩൯						൨൩൪൪	ഒററി				൧൭൭൨൨	വടലി പന ഉൾപ്പടെ ൪൩	നാഗലക്ഷ്മി മാടിയാറം	ദർനംകൊച്ചു നാഗലക്ഷ്മി മാടിയാറം	
൩൩൩						൨൩൪൪	ടി	പുരയിടം			൧൭൪൭൭	വടലി ൪	ടി	ടി ഷൺമുഖം ഇശക്കിമാടി പ്പിള്ള	
൩൩൭						൨൩൪൯ എ	ജന്മം				൭൪൩൩൭	വടലി പന ഉൾപ്പടെ ൪൦	പെരുമാറം ശിവസുബ്ര മണ്യൻ പെച്ചിനാഥൻ ഉമയൊരുഭാഗം	ടി പെരുമാറം ശിവസുബ്രഹ്മണ്യൻ പെച്ചിനാഥൻ ഉമയൊരുഭാഗം	
൩൩൪						൨൩൫൦ എ	ടി				൪൩൭൧൪	വടലി പന ഉൾപ്പടെ ൧൨൧	ഷൺമുഖം ഇശക്കിമാടി പ്പിള്ള നാഗലക്ഷ്മി മാടിയാറം	ടി നാഗലക്ഷ്മി മാടിയാറം	

പ്രയത്ത നമ്പർ	സ്ഥലം എടുക്കുന്ന ഉദ്ദേശം	വസ്തു കിടക്കുന്ന താലൂക്ക	പകുതി	മുറി	കണ്ടാര	ലക്കം	ഇനം	നിലമൊ പുരയിടമൊ എന്നു	എടുക്കുന്ന സ്ഥലത്തിൻെറ നീളം അടി	വീതി അടി	പെരുക്കം അടി	വൃക്ഷത്തിൻെറയും മററും വിവരം	പെരിയ പതിവുകാരൻെറ പെര	അനുഭവക്കാരൻെറ പെര	വിചാരണയിലെ ആക്ഷേപം
൩൩൯						൨൩൩൦ എ	ജന്മം				൪൩൭൧൩	വടലി ഉൾപ്പടെ പന ൩൩	ഷൺമുഖം ഇശക്കിമാടിപ്പിള്ള നാഗലക്ഷ്മി മാടിയാം	ടി ഷൺമുഖം ഇശക്കിമാടിപ്പിള്ള	
൩൪൦						൨൩൪൨ ബി	ടി				൩൧൩൭൭	വടലി ഉൾപ്പടെ പന ൧൪൩	പെച്ചിനാഥൻ ഉമയൊരുഭാഗം പെരുമാൾ ശിവസുബ്രഹ്മണ്യൻ	ടി പെച്ചിനാഥൻ ഉമയൊരുഭാഗം പെരുമാൾ ശിവസുബ്രഹ്മണ്യൻ	
൩൪൧	തൊവാള ചാനൽ	തൊവാള	അനന്തപുരം	അനന്തപുരം	...	൨൩൩൩ എ	ടി	പുരയിടം	...	...	൬൬൪൦൭	വടലി ഉൾപ്പടെ ൨൭൦; ശിലാന്തി ൧൨; വാഹ ൪; വെമ്പു ൧	കണക്ക താണുമാലയപ്പെരുമാൾ സുബ്ബനാരായണൻ	മണത്തിട്ട ഉമയമ്മ കാളിയമ്മ	
൩൪൨						൨൪൦൩	പാട്ടം				൭൧൭൬	വടലി ഉൾപ്പടെ പന ൪; വാഹതൈ ൩; ശീലാന്തി ൧	കണക്ക താണുമാലയപെരുമാൾ അമ്മയപ്പൻ ടി കണക്ക ശിവഗുരുനാഥൻ അമ്മയപ്പൻ	വിളാങ്കാട്ട കണക്ക താണുമാലയപെരുമാൾ അമ്മയപ്പൻ ശിവഗുരുനാഥൻ അമ്മയപ്പൻ	
൩൪൩						൨൪൧൦ എ	ജന്മം				൩൭൨൨൩	വടലി ഉൾപ്പടെ പന ൨൭൬; വാഹ ൧; പുംക ൪; പുന്ന ൨; ശീലാന്തി ൬	ടി	ടി	

Notification under Section 6 of Regulation III of 1067.

Whereas the Government have resolved to acquire the properties mentioned in the sub-joined schedule for the construction of the Tovala Channel, the owners and other persons claiming any interest in the lands are hereby called upon to appear either personally or by authorised agents before this office on the days shown in the last column of the schedule and put in written statements showing the nature of their respective interests in the property, particulars of their claim to compensation for such interests and the amount of compensation which they may claim.

Padmanabhapuram,
2nd Medom 1082.

K. RAMASWAMY IYER,
Ag. Assistant to the Dewan Peishkar.

File No. of cases.	Particulars of property to be acquired							Name of registry holder.	Name of the person in possession.	Date of enquiry.
	Taluk.	Proverthy.	Muri.	Survey No.	Nature of tenure.	Area of land to be acquired in sq. ft.	Number of trees to be acquired			
321	Tovala.	Ananthapuram.	Ananthapuram.	2329 B	Jenmom.	7175	5	Nallaperumal Chithambarathanu ..	Ramanathan Parameswaran of Kurathiara.	
322				2330 A	Pattom.	38030	3	Perianayagom Madial ...	Perianayagom Madial of Darsanamcope...	
323				2331 B	Do.	35574	30	Chinnamma Sivacami ...	Chinnamathevan Subramanian ...	
324				2332 A	Otti.	3185	5	Perianayagom Madial and others ..	Perianayagom Madial and others ...	
325				2333	Do.	13087	35	Isakkiamma Shunmugom and others ...	Nagalakshmi Madial ...	
326				2334 B	Jenmom.	22630	61	Do. ..	Kanaka Bhagavathipperumal Velayudhapperumal ...	19 - 9 - 82.
327				Do.	Do.	22628	19	Do.	Shunmugom Isakkimadippilla ...	
328				Do.	Do.	22628	94	Do.	Ramaswamy Pachinathan ...	
329				2366 A & B	Do.	46523	229	Ramaswamy Pachinathan ..	Do.	
330				2367 A	Otti.	15865	87	TO Perumal Bhagavathi ...	Perumal Bhagavathi ...	

File No. of cases	Particulars of property to be acquired: Taluk.	Proverthy.	Muri.	Survey No.	Nature of tenure.	Area of land to be acquired in sq. feet.	No. of trees to be acquired.	Name of registry holder	Name of person in possession.	Date of enquiry.
331	Tovala.	Ananthapuram.	Ananthapuram.	2368-C	Pattom.	56244	117	S. Velayudhapperumaul and others	Sivasubrahmanian Velayudhapperumal and others...	19-9-82.
332				2417	Do	43129	15	Pachi Amman of Oodayadicherry ..	Pachi Andi and others	Do.
333				2381-A 2382-A	Do. Jenmom.	27038	79	Sridharananka Amman	Kanaku Chockalingum Neelacandan and others...	20-9-82.
334				2384/B 2	Pattom.	...	3	Oodayadicherry	Pachi Andi and others	
335				2388	Otti.	15522	43	Nagalekshmi Madial	Nagalekshmi Madial	
336				2388	Do.	15452	8	Do. ...	Shunmugom Isakkimadipilla ...	
337				2389-A	Jenmom.	54337	80	Perumaul Sivasubrahmanian and others ...	Perumaul Sivasubrahmanian and others...	
338				2390-A	Do.	43714	241	Shunmugom Isakkimadippilla and others ...	Nagalekshmi Madial	
339				Do.	Do.	43713	36	Do. ...	Shunmugom Isakkimadipilla ...	
340				2392-B	Do.	61387	143	Pachinathan Oomayorubhagom and others...	Pachinathan Oomayorubhagom and others	
341				2393-A	Do.	99408	267	Kanaku Thanumalayaperumaul Suriaanarayanan...	Oomayamma Kaliammu	
342				2403	Pattom.	5159	14	Kanaku Thanumalayaperumaul Ammayappen and others...	Kanaku T. Ammayappen and others ...	
343				2410	Jenmom.	38226	207	Do. ...	Do. ...	

Notice by the Town Improvement Committee, Nagercoil.

The Committee note that applications from persons newly building houses in the Nagercoil Town for permission to build flights of steps projecting into the public street or road on grounds of necessity or convenience have become frequent of late. In support of these applications, it is urged that the house-building has advanced to such an extent as to make the disallowing of road space for steps a hardship and that the construction has been begun under a *bona fide* belief that the application will be sanctioned as in the case of other previous applications in the Town. While always prepared to afford such convenience as may not be inconsistent with the best securing of municipal interests, the Committee feel it necessary to make it known to the public that as a rule street-space intended for public benefit and convenience will not be allowed to be appropriated for private use and to accommodate individual convenience.

11th April 1907.
29th Meenam 1082.

N. SUBRAHMANYA AIYAR,
President.

നാഗർകോവിൽ പട്ടണപരിഷ്കരണക്കമ്മിററിയിൽ നിന്നും

പരസ്യം ചെയ്യുന്നതെന്തെന്നാൽ

ഈ ടൌണിൽ പുതുതായി വീടു കെട്ടുന്ന ആളുകൾ അവരുടെ സൌകര്യത്തെ ഉദ്ദേശിച്ചു റോട്ടിൽ നിന്നും തെരുവിൽ ഇറങ്ങുന്നതിനു [illegible] പടി കെട്ടുന്നതിനു അനുവാദം കിട്ടണമെന്നു കൂടിക്കൂടി അപേക്ഷകൾ അയച്ചുകൊണ്ടിരിക്കുന്നതായി കാണപ്പെടുന്നു. ഈ അപേക്ഷകൾ അനുവദിക്കുന്നതിനുള്ള കാരണമായിട്ടു കെട്ടിടങ്ങളുടെ പണി മിക്കവാറും തീരാറായിരിക്കുന്നു എന്നും ഇതിനു മുമ്പു ഈ മാതിരി [illegible] കെട്ടുന്നതിനെ വിചാരിച്ചു തങ്ങൾക്കും അനുവാദം കിട്ടുമെന്നുള്ള വിശ്വാസത്തോടുകൂടി വേല തുടങ്ങി നടത്തീട്ടുള്ളതാണെന്നും പറയുന്നു. ടൌണിന്റെ ശുചിത്വത്തിനും [illegible] പൊതുവിലുള്ള ഗുണത്തിനും വിരോധം കൂടാതെ പ്രത്യേകമായി സൗകര്യം ചെയ്തുകൊടുക്കാമെന്നല്ലാതെ പൊതുജനങ്ങളുടെ ഉപയോഗത്തിനായി ഉദ്ദേശിച്ചിട്ടുള്ള തെരുവുസ്ഥലത്തെ ഒരാളുടെയും സൗകര്യംപോലെ ഉപയോഗപ്പെടുത്തുന്നതിനു അനുവദിക്കുന്നതല്ലാ എന്നുള്ള വിവരം കമ്മിററിയിൽ നിന്നും ഇതിനാൽ തെളിപ്പെടുത്തിക്കൊള്ളുന്നു.

൧൦൮൨ മീനം ൨൯-ാം .

പ്രസിഡന്റു,
നാരായണയ്യർ സുബ്രഹ്മണ്യയ്യർ,

NOTICE.

It is hereby notified for general information that middling teak scrap is available for sale at the P. W. D. workshop on application to the Headquarters Subdivision Officer at the price of not less than Rs. 8 (eight) per ton of 40 cubic feet. Intending purchasers should quote their rate in writing stating the quantity of scrap they would require addressing all communications to the Division Officer Trivandrum, who will, if their tender is approved of, make the necessary arrangement for the issue of the scrap. The scrap shall be such as is not sawn on all four sides of a length not exceeding 5 feet and a diameter which will pass through a 4" ring. It is to be selected from the scrap heap in the workshop by the purchaser and stacked before removal in a separate heap for examination by the Subdivision Officer who will ascertain if it fulfils the above requirements. Not less than one ton will be sold at a time and payment should be made in cash before removal.

Trivandrum,
6th April 1907.

F. J. JACOB,
Executive Engineer.

പരസ്യം

ഇതിനാൽ പരസ്യം ചെയ്യുന്നതെന്തെന്നാൽ

തിരുവനന്തപുരം പബ്ലിക് വർക്സ് വക വർക്ക്ഷാപ്പിൽ [illegible] തേക്കു [illegible] ഡിവിഷൻ ആഫീസർക്കു [illegible] അപേക്ഷിക്കുന്നവർക്കു [illegible] ഡിവിഷൻ ആഫീസർ [illegible] തിരുവനന്തപുരം ഡിവിഷൻ ആഫീസർക്കു [illegible]

ന്നതും ആകുന്നു. തടികൾ നാലു വശവും ചെത്തീട്ടുള്ളതല്ലാത്തതും അഞ്ചടി നീളത്തിൽ കുറയാത്തതും, നാലിഞ്ചു വണ്ണത്തിൽ കുറയാത്ത വിധത്തിൽ മാത്രം മുറിക്കാവുന്നവയുമാണ്. ഇവയെ തടി വാങ്ങുന്നവർ തന്നെ വർക്ക്ഷാപ്പിൽ ശേഖരിച്ചിരിക്കുന്ന പിറവെട്ടു തടികളിൽ നിന്നും തിരിഞ്ഞെടുത്തു സബ് ഡിവിഷൻ ആഫീസരുടെ പരിശോധനയ്ക്കായി പ്രത്യേകം കൂട്ടേണ്ടതും ടി ഉദ്യോഗസ്ഥൻ അതു മെഷർമെൻ്റ്പ്രകാരം ശരി തന്നെയോ എന്നു നോക്കേണ്ടതുമാകുന്നു. തടി ഒരു ടണ്ണിൽ കുറച്ചു വില്ക്കുന്നതല്ലാ. വില സാമാനം മാറ്റുന്നതിനു മുമ്പ അടയ്ക്കേണ്ടതുമാകുന്നു.

൧൯൦൭ എപ്രിൽ ൩൦

എഫ്. ജെ. ജെക്കബ്
എക്സിക്യൂട്ടിവ് ഇഞ്ചിനീയർ

NOTICE

Is hereby given that the timber logs as per particulars and rate noted hereunder are available for private sale at full rates for a time of three months from the date of this notification at the P. W. D. General Stores, Trivandrum.

Intending purchasers are requested to apply to the Division Officer, Trivandrum who will comply with their request on ready payment of cash for the timber they require.

Quantity available.	Kind of timber.	Rate at which sold.
969 Candies.	Thembavu logs.	B. Rs. 14 per candy.
484 Do.	Vengai.	B. Rs. 15 per candy.
95 Do.	Anjily.	B. Rs. 18 per candy.

Trivandrum,
12th April, 1907.

F. J. JACOB,
Executive Engineer.

പരസ്യം

താഴെ കാണുന്ന പട്ടികപ്രകാരമുള്ള ഉരുളൻതടികൾ ഈ പരസ്യ തീയതി മുതൽ മൂന്നു മാസത്തേക്കു പട്ടികയിലെ നിരക്കനുസരിച്ചു കടിയാനാവന്മാക്കു വിലക്കു കൊടുപ്പാനു പബ്ലിക് വക്ക്സ് ഡിപ്പാർട്ടുമെൻ്റ് തിരുവനന്തപുരം ജനറൽ സ്റ്റോറിൽ തയ്യാറുള്ളതും തടി വാങ്ങിക്കണമെന്നു നിശ്ചയിക്കുന്നവർ തിരുവനന്തപുരം ഡിവിഷനാഫീസരോടു അപേക്ഷിച്ചാൽ അവക്കു ആവശ്യമുള്ള തടി രൊക്കവിലക്കു കൊടുക്കുന്നതുമാകുന്നു.

വില്പാൻ തയ്യാറുള്ള തടി എത്ര കണ്ടി എന്നു	തടിയുടെ ഇനം	നിരക്കു വില
൯൬൯ കണ്ടി	തെമ്പാവു	കണ്ടി ഒന്നുക്കു ബ്രി രൂപാ ൧൪
൪൮൪ ,,	വെങ്ങ	കണ്ടി ഒന്നുക്കു ബ്രി രൂപാ ൧൫
൯൫ ,,	അഞ്ഞിലി	കണ്ടി ഒന്നുക്കു ബ്രി രൂപാ ൧൮

൧൯൦൭ എപ്രിൽ ൧൨

എഫ്. ജെ. ജെക്കബ്
എക്സിക്യൂട്ടിവ് ഇഞ്ചിനീയർ

സെററിൽമെൻറു സെൻട്രലാഫീസിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

കാർത്തികപ്പള്ളി താലൂക്കിൽ ചെന്ന എല്ലാ സ്ഥല സമ്പ്രദായം വക ഭൂമിയുടെ പകുതി സംബന്ധിച്ചതും ഇതിനടിയിൽ വിവരിച്ചിരിക്കുന്നതുമായ സെററിൽമെൻറു റിക്കാർട്ടുകൾ ഈ പരസ്യം ഗസെററിൽ പ്രസിദ്ധപ്പെടുത്തുന്ന തിയതി മുതൽ രണ്ടു മാസം കഴിഞ്ഞ ഉടനെ നശിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

തിരുവനന്തപുരം, ൧൦൮൨ മീനം ൨൭ാം } സെററിൽമെൻറു ദിവാൻ പേഷ്കാർ
എസ്. പത്മനാഭയ്യർ.

റിക്കാർട്ട് വിവരം

തീർപ്പ പെരട്ട ബുക്കുകൾ
രജിസ്ട്രേഷൻ കേസുകൾ
വെല വിവരം വില്ലി പകൎപ്പുകൾ
ഫജി രജിസ്റ്റർ
പട്ടവാരി ബുക്ക
തണ്ടപ്പേരുംപടി അടവു ബുക്കുകൾ
തെളിവ പരീട്ട ഫജി രജിസ്റ്ററുകളും ഫജികളും തീർപ്പ മുതലായതും
സൂചകം ബുക്കുകൾ
ഉത്തരവു രജിസ്റ്റർ
റിപ്പോർട്ട് പകൎപ്പു
വില്ലി പതിവു
സ്റ്റേറ്റുമെൻറുകൾ
തെളിവു ശീട്ടു പട്ടയം കൊടുത്തിട്ടുള്ള രസീതു ബുക്കുകൾ

കൊല്ലം താലൂക്കു കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കൊല്ലത്തു കണ്ടെഴുത്തു കച്ചേരി ഇരുന്ന കെട്ടിടത്തിനു തെക്കുവശം നില്പുള്ള അഗ്നിപ്പുര ഇപ്പോൾ ഉപയോഗമില്ലാതെ നിൽക്കുന്നതാകകൊണ്ടു ലേലത്തിൽ വില്പിക്കേണ്ട സംഗതിയെക്കുറിച്ചു എഴുതി അയച്ചു വില്പിക്കുന്നതിൽ വിരോധമില്ലെന്നു കൊല്ലം എക്സിക്യൂട്ടീവ് ഇഞ്ചിനീയരാഫീസിൽ നിന്നും മറുപടി വന്നിരിക്കുന്നതായും ഈ കെട്ടിടം ലേലത്തിൽ വില്പിപ്പാൻ വിലവച്ചു ലിസ്റ്റും പരസ്യവും തയാറാക്കി അയച്ചു എഴുതി ബോധിപ്പിക്കണമെന്നും ൨൭൮ാം നമ്പരിൽ കന്നിമാസം ൧൦൮൨ എഴുതിയ ഉത്തരവു വന്നിരിക്കുന്നതിനാൽ താഴെ വിവരം പറയുന്ന ഉരുപ്പടികളോടു കൂടി നില്പുന്ന കെട്ടിടത്തെ മേടമാസം ൨൨ാംനു സ്ഥലത്തുവച്ചു ലേലം വിളിപ്പിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു മനസ്സുള്ളവർ ഹാജരായി വിളികേൾക്കാവുന്നതും കൂടുതൽ തുകക്കാരൻ നാലിലൊന്നു ഡെമാണ്ടി ഉടൻ കെട്ടിവെക്കയും ലേലം സ്ഥിരപ്പെടുത്തി ഉത്തരവുണ്ടായി തെര്യപ്പെടുത്തുന്നതുപോലെ ബാക്കി പണം കെട്ടിവച്ചു കെട്ടിടം പൊളിച്ചു കൊണ്ടു പോകയും ചെയ്യേണ്ടതാകുന്നു ലേലക്കാരൻ പണം ഒടുക്കാതെയോ മററോ അവധിത്തിൽ ലേലത്തിനും അതിൽ മുൻ തുകയിൽ കറവിനും സംഗതി ആകയാൽ ആ വക നഷ്ടങ്ങൾക്കു ആദ്യലേലക്കാരൻ ഉത്തരവാദിയാകുന്നതാകുന്നു ൧൦൮൨ മാണ്ടു മേടമാസം ൨൫ാംനു.

തഹശീൽദാർ കെ. പത്മനാഭപിള്ള.

ഉരുപ്പടി വിവരം

൧൦൮൨	അടി നീളം	൩ ഇഞ്ചു	വീതി ൨	ഇഞ്ചു	വണ്ണം	ഉത്തരം വക	പണം ൨൨॥൧൦
൯൨	ടി	൧	ടി	൧॥	ടി	പടിക്ക	പണം ൧൭॥
വ	൧	൧	ടി	൨	ടി	അഴിക്കാൽ ൧൪൩ പണം	൨൨॥

പൊടിഞ്ഞ തെങ്ങുംകാൽ — ൩൩ വക്ക വില ടി ൯ മുക്കാൽ
പലതരത്തിൽ പൊടിഞ്ഞ തെങ്ങും കഴുക്കോൽ — ൩൩ വക്ക വില ടി ൧൫
പട്ടിക അഴി മുതലായതു തെങ്ങിൽ പൊടിഞ്ഞതിനു — ടി ൫
൩ നീളം ൨ വീതി കട്ടിളക്കട്ടിനും കതകിനും കൂടി — ടി ൫
കല്ലു ഉദ്ദേശം എണ്ണം — ൨൫൦൦ വക പണം ൨൫

ആകെ വില പണം ൧൦൫ മുക്കാല അരയ്ക്കാൽ

Notices of escheat properties.

നമ്പർ ൧൧൭൨.

കൊട്ടയം ഡിവിഷൻ കച്ചേരിയിൽനിന്നു

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കലശെഖരമംഗലം പ്രവൃത്തിയിൽ ചെടിഞ്ഞചെക്കരമുറിയിൽ വാറിയക്കാട്ടു പാണ്ടിവാട്ടും കണ്ണൻ വീരഭദ്രൻ പെരിൽ വിരുത്തിപതിവുനിലം പാട്ടമായി പതിക്കുന്നതിനു വിചാരണ നടത്തി അയച്ച വൈക്കം തഹശീൽദാര ൧൦൭൨ ാം നമ്പരായി എഴുതിയ റിപ്പൊൎട്ടു വന്ന റിക്കാൎട്ടു നൊക്കിയതിൽ വസ്തു പതിവുകാറനും അവകാശികളും ഇല്ലെന്നും അന്യംനിൽപ്പാണെന്നും കരക്കാരന്മുതൽപെർ മൊഴികൊടുത്തു കാണുന്നതിനാൽ വസ്തു പെരകാരനൊ അവകാശികളൊ ഉണ്ടായിരുന്നാൽ ൩൦ ദിവസത്തിനകം സ്ഥലത്തു തഹശീൽദാരുടെ അടുക്കൽ ഹാജരായി ബൊധിപ്പിച്ചു തെളിവുകൊടുപ്പാനുള്ളതാകുന്നു അങ്ങനെ ചെയ്യാതെ ഇരുന്നാൽ അന്യം നിൽപ്പെന്നു സ്ഥിരപ്പെടുത്തി തീൎമാനിക്കുന്നതാകുന്നു. എന്നു

൧൦൯൨ ാമാണ്ടു മീനമാസം ൧൬നു

ദിവാൻപെഷ്കാർ പത്മനാഭൻ ശംകരൻ

നമ്പർ ൧൧൭൦

കൊട്ടയം ഡിവിഷൻ കച്ചേരിയിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കൊട്ടയം പ്രവൃത്തിയിൽ കിളിരൂരകരയിൽ പഴയം ചന്തിരത്തിൽ ചാണ്ടി ചാണ്ടി പെരിൽ പതിവുവിരുത്തിവസ്തു പാട്ടമായി പതിക്കുന്നതിനു നടപടി നടത്തി അയച്ച കൊട്ടയം തഹശീൽദാര ൩൨൭ ാം നമ്പരായി എഴുതിയ റിപ്പൊൎട്ടു വന്ന റിക്കാൎട്ടു നൊക്കിയതിൽ വസ്തു പതിവുകാറനും അവകാശികളും ഇപ്പൊൾ ഇല്ലെന്നും അന്യം നിൽപ്പാണെന്നും വസ്തു അനുഭവക്കാരനും മറ്റും മൊഴികൊടുത്തുകാണുന്നതിനാൽ വസ്തു പതിവുകാറനൊ അവകാശികളൊ ഉണ്ടായിരുന്നാൽ ൩൦ ദിവസത്തിനകം സ്ഥലത്തു തഹശീൽദാരുടെ അടുക്കൽ ഹാജരായി ബൊധിപ്പിച്ചു തെളിവുകൊടുത്തു കൊള്ളണം അങ്ങനെ ചെയ്യാതെയിരുന്നാൽ അന്യനിൽപ്പെന്നു സ്ഥിരപ്പെടുത്തി തീൎമാനിക്കുന്നതാകുന്നു എന്നു

൧൦൯൨ ാമാണ്ടു മീനം ൧൬നു

ദിവാൻപെഷ്കാർ പത്മനാഭൻ ശംകരൻ

നമ്പർ ൧൧൭൯

കൊട്ടയം ഡിവിഷൻ കച്ചെരിയിൽ നിന്നു

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

മണൎകാടു പ്രവൃത്തിയിൽ ഇടവട്ടം മുറിയിൽ അയിക്കരവീട്ടിൽ മാക്കൊതകുമാരൻ പെരിൽ വിരുത്തി പതിവു വസ്തുക്കൾ പാട്ടമായി പതിക്കുന്നതിനു നടപടിനടത്തി അയച്ച വൈക്കം തഹശീൽദാര ൧൦൯൨ ൽ നമ്പർകളിൽ ൧൦൬ നമ്പർ എഴുതിയ റിപ്പൊൎട്ടുവന്ന റിക്കാൎട്ടുകൾ നൊക്കിയതിൽ വസ്തുപതിവുകാറനും അവകാശികളും ഇപ്പൊൾ ഇല്ലെന്നും അന്യം നിൽപ്പാണെന്നും കരക്കാരൻ മുതൽപെർ മൊഴികൊടുത്തു കാണുന്നതിനാൽ വസ്തുപെരകാരനൊ അവകാശികളൊ ഉണ്ടായിരുന്നാൽ ൩൦ ദിവസത്തിനകം സ്ഥലത്തു തഹശീൽദാരുടെ അടുക്കൽ ഹാജരായി ബൊധിപ്പിച്ചു തെളിവു കൊടുപ്പാനുള്ളതാകുന്നു. അങ്ങനെ ചെയ്യാതെഇരുന്നാൽ അന്യം നിൽപ്പെന്നു സ്ഥിരപ്പെടുത്തി തീൎമാനിക്കുന്നതാകുന്നു എന്നു

൧൦൯൨ ാമാണ്ടു മീനം ൧൬നു

ദിവാൻപെഷ്കാർ പത്മനാഭൻ ശംകരൻ.

Notices of unclaimed properties.

നമ്പർ [illegible]

തൊടുപുഴ താലൂക്ക കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കരിമണ്ണൂർ പ്രവൃത്തിയിൽ മാസപ്പടി ആയിരുന്നു മരിച്ചുപോയ മണക്കാട്ട പ്രവൃത്തിയിൽ ചിററൂർ മുറിയിൽ [illegible] ആയ [illegible] ശങ്കരൻ കൃഷ്ണൻ ഉടയവകയിൽ ചെല്ലുവാനുള്ള പണം കൊടുപ്പിക്കണം എന്നു അവന്റെ അവകാശിയും കാരണവനും ആയിട്ടു കണ്ടിട്ടി രാമൻ ബോധിപ്പിച്ചു അവകാശ വിചാരണ നടത്തിയിരിക്കുന്നതിനാൽ ടി വക പണം അവകാശി എന്നു കാണപ്പെട്ട [illegible] കണ്ടിട്ടി രാമനു കൊടുപ്പിക്കുന്നതിനു വല്ല തർക്കമൊ അവകാശമൊ ഉള്ളവർ ഉണ്ടായിരുന്നാൽ ടി പരസ്യം ഗസററിൽ ചേർന്ന ദിവസം മുതൽ ഒരു മാസത്തിനകം ടി കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചു തെളിവു കൊടുക്കേണ്ടതും അവധി കഴിഞ്ഞു ഹാജരാകുന്ന യാതൊരു തെളിവുകളും അവകാശങ്ങളും സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു പരസ്യത്തിലെ അവധി കഴിയുന്ന മുറക്കു അവകാശി എന്നു വെളിപ്പെട്ടിരിക്കുന്ന കണ്ടിട്ടി രാമനു പണം കൊടുക്കുന്നതായിരിക്കും എന്നു

൧൦൮൨ മീനം [illegible]

തഹശീൽദാർ കെ. രാമൻതമ്പി

നമ്പർ [illegible]

തൊടുപുഴ താലൂക്ക കച്ചേരിയിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

കരിമണ്ണൂർ പ്രവൃത്തിക്കച്ചേരിയിൽ നെല്ലു അളക്കുന്നതിനു സർക്കാരിൽ നിന്നും [illegible] പ്പിള്ളിൽ രാമൻ പരമേശ്വരന്റെ വക [illegible] വാങ്ങിയതിനുള്ള കൂലി [illegible] പരമേശ്വരൻ മരിച്ചുപോകയാൽ കൊടുപ്പിക്കണമെന്നു അയാളുടെ അനുജൻ രാമൻ നീലകണ്ഠൻ ഹർജി ബോധിപ്പിച്ചു പ്രവൃത്തി മുഖാന്തരം വിചാരണ നടത്തി വന്നിരിക്കുന്നു.

രാമൻ പരമേശ്വരനു സർക്കാരിൽ നിന്നും ചെല്ലുവാനുള്ള പണം [illegible] രാമൻ നീലകണ്ഠനു കൊടുപ്പിക്കുന്നതിൽ ആക്ഷേപമില്ല. ന്യായമായ അവകാശമൊ തടസ്സമൊ ഉണ്ടായിരുന്നാൽ പരസ്യം ചെയ്യുന്ന നാൾ മുതൽ ഒരു മാസത്തിനകം ടി കച്ചേരിയിൽ ഹാജരായി ബോധിപ്പിച്ചു തെളിവു കൊടുത്തു കൊള്ളേണ്ടതും [illegible] അവധി കഴിയുമ്പോൾ രാമൻ നീലകണ്ഠനു പണം കൊടുക്കുന്നതും പിന്നീടു വരുന്ന ആക്ഷേപം സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു എന്നു

൧൦൮൨ മീനം [illegible]

തഹശീൽദാർ കെ. രാമൻതമ്പി

നമ്പർ [illegible]

തിരുവനന്തപുരം ഒന്നാം ക്ലാസ്സു മജിസ്ട്രേട്ടു കോടതിയിൽ നിന്നും

ക്രിമിനൽ നടപടി നിയമം [illegible]-ാം വകുപ്പു പ്രകാരം പരസ്യം ചെയ്യുന്നതെന്തെന്നാൽ

ടി കോടതിയിൽ ൧൦൮൨-ാമാണ്ടു [illegible] നമ്പർ കേസിൽ തൊണ്ടിയായി ഹാജരാക്കീട്ടുള്ളതും [illegible] ഉടമസ്ഥനായി ആരെങ്കിലും ഉണ്ടായിരുന്നാൽ ടി പരസ്യത്തിന്റെ തീയതി മുതൽ ആറു മാസത്തിനകം ടി കോട്ടിൽ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു [illegible] അവധി കഴിഞ്ഞാൽ [illegible] സർക്കാരിലേക്കു മുതൽക്കൂട്ടുന്നതാകുന്നു എന്നു

൧൦൮൨-ാമാണ്ടു മീനമാസം [illegible]

ഫസ്റ്റുക്ലാസ്സു മജിസ്ട്രേട്ടു
പി. പി. കുഞ്ഞൻ

Private Advertisement.

സിവിൽ നിയമം [illegible]-ാം വകുപ്പനുസരിച്ചു പരസ്യം

തിരുവല്ലാ മുൻസിപ്പു കോർട്ടിൽ

൧൦൮൨-ൽ സിവിൽ നമ്പർ [illegible]

വാദികൾ

൧. [illegible]

൨. ടി [illegible]

൩. ടി പ്രവൃത്തിയിൽ [illegible]

[illegible]ൻ.

പ്രതികൾ

൧. ടി കാരക്കൽ മുറിയിൽ പുത്തൻപുരക്കൽ അവിരാ വറുഗീസു.
൨. ടിയിൽ അവിരാ അബ്രഹാം
൩. ടിയിൽ അവിരാ കുഞ്ഞു
൪. ടിയിൽ അവിരാ ചാക്കൊ

കാരക്കൽ സെൻറ തൊമ്മാസു ക്രിസ്തീയ സമുദായത്തിലെക്ക റൊക്കപ്പട്ടിക വസ്തുക്കൾ ഒഴിപ്പിച്ചു കൊടുപ്പിക്കണമെന്നു ൧൦൨ വാദികൾ മെൽ നമ്പർ വ്യവഹാരം ബോധിപ്പിച്ചിരിക്കുന്നു അതിലെക്ക ആ സമുദായത്തിൽപ്പെട്ട ആരെങ്കിലും ആക്ഷെപമുണ്ടായിരുന്നാൽ ൯൦ വരുന്ന ഇടവമാസം ൨൬-നു പകൽ ൧൧ മണിക്ക ൯൦ കൊടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കാത്ത പക്ഷം വാദികളെ അനുവദിക്കുന്നതാണ.

൧൦൯൭ ാമാണ്ടു മീനമാസം ൨൭-നു

ഉത്തരവുംപ്രകാരം
ഹെഡ്ഗുമസ്താ വില്ല്യംപിള്ള.

പരസ്യം

അമ്പലപ്പുഴ കൊഴിമുക്ക പ്രവൃത്തിയിൽ ഇടത്വാ മുറിയിൽ കടയ്ക്കൽ വീട്ടിൽ ഇപ്പഴത്തെ കാരണവനായ കൃഷ്ണൻ കൃഷ്ണൻ എന്നയാൾ കുടുംബത്തിൽ ചില ശാഖക്കാർക്ക ചിലവിനു കൊടുക്കാതെയിരിക്കയും കുടുംബത്തിലെക്ക ദൊഷമായ പ്രവൃത്തികൾ ചെയ്കയും ചെയ്കയാൽ ടി കൃഷ്ണൻ കൃഷ്ണൻ മുതൽപെരടെമെൽ ചിലവിനു കിട്ടണമെന്നു ആലപ്പുഴ മുൻസിഫ് കൊട്ടിൽ അന്യായപ്പെട്ടു നടപടിയിൽ ഇരിക്കുന്നതിനാൽ ടി കൃഷ്ണൻ കൃഷ്ണൻ തനിച്ചും ടിയാൻ മുതൽപെര ചെർന്നും വസ്തുക്കളെ സ്ഥാപിച്ചൊ അല്ലാതെയൊ വരുത്തുന്നതായ യാതൊരു കടങ്ങളും തറവാട്ടു വസ്തുക്കളിൽ ബാധിക്കുന്നതല്ലെന്നും കുടുംബത്തേക്ക കിട്ടെണ്ടതായ സംഖ്യകൾ എല്ലാവരൊടും ശരിയായ ലക്ഷ്യം വാങ്ങാതെ കൊടുത്തുകൂടാ എന്നും ഉള്ള വിവരം സകലമാനപെരും അറിവാനുള്ളതാകുന്നു എന്നു

൧൦൯൭ മീനം ൨൨-നു

ടി കടയ്ക്കൽ നിന്നും പ്രക്കാട്ടു കരു മുറിയിൽ വാഴെപ്പറമ്പിൽ താമസിക്കുന്ന നാരായണൻ കൃഷ്ണൻ (ഒപ്പു)

പരസ്യം

എന്റെ ജെഷ്ഠൻ മരിച്ചുപൊയ നാരായണൻ വെലായുധന്റെ സ്വന്ത ആവശ്യത്തിലെക്കായി ഗവർമ്മെണ്ടു അനുവാദപ്രകാരം ഉപയൊഗപ്പെടുത്തി വന്നിരുന്നതും നാരായണൻ വെലായുധൻ മരിച്ചതിന്റെ ശെഷം ഉപയൊഗിപ്പാൻ പാടില്ലാതെ ഇരിക്കുന്നതും ആലുംമൂട്ടിൽ നാരായണൻ വെലായുധൻ എന്നു അരികിലും നടുവിൽ ടി നാരായണൻ വെലായുധന്റെ ഒപ്പും ഉള്ളതായ ഒരു മുദ്ര എന്റെ ജീവിതത്തൊളം ഇനിക്കും ശെഷം എന്റെ ഒപ്പു മുമ്പെപൊലെ എന്നാളും മുദ്ര ആളുകൾക്കും ഒള്ള ഒപ്പൊടു കൂടി ഉപയൊഗപ്പെടുത്തുന്നതിനു അനുവാദം ഉണ്ടാവാൻ അപെക്ഷിച്ചതനുസരിച്ചു ൧൦൯൭ കുംഭം ൧൩-ാം നമ്പരായി അനുവദിച്ചു ഇണ്ടൊസ്സ് കിട്ടുകയും ചെയ്തിട്ടുള്ളതാകയാൽ ടി മുദ്ര സംബന്ധമായി മെലാൽ ചെയ്യുന്ന എല്ലാ എഴുത്തു പ്രമാണങ്ങൾക്കും എന്റെ ഒപ്പിനൊടു കൂടി മെൽപറഞ്ഞ മുദ്ര അനുവാദം കിട്ടിയതു മുതൽ ഉപയൊഗിച്ചിരിക്കകൊണ്ടു ൯൦ വിവരം സകലമാനപെരും അറിവാനുള്ളതും അവർ ഞാൻ എഴുതി ഇതിനു മുമ്പു ഒപ്പിട്ടു കൊടുത്തിട്ടുള്ള കടപ്പത്രം കണക്ക മുതലായ വകകളിൽ ൯൦ മുദ്ര കൂടി എന്നെക്കൊണ്ടു ഉപയൊഗിപ്പിച്ചു കൊള്ളെണ്ടതുമാകുന്നു, അങ്ങിനെ ൯൦ പരസ്യം ചെയ്യുന്ന തീയതി മുതൽ ൬൦ ദിവസത്തിനകം കൊണ്ടുവന്നു ഉപയൊഗപ്പെടുത്താത്ത പക്ഷം അവകളെ ഞാൻ ന്യായമനുസരിച്ചു നിഷെധിക്കുന്നതായിരിക്കും. എന്നു ൧൦൯൭ മീനം ൧൯-നു

ഏററുമാനൂർ താലൂക്ക കിടങ്ങൂർ ആലുംമൂട്ടിൽ നാരായണൻ നീലകണ്ഠൻ. (ഒപ്പു)
(മുദ്ര)

പരസ്യം

നെടുമങ്ങാടു താലൂക്കിൽ ചെന്നികുളത്തുമ്മെൽ അധികാരത്തിൽ ചരുങ്ങര മുറിയിൽ വാറത്തല വീട്ടിൽ കണക്ക പത്മനാഭൻ ഗൊവിന്ദൻ സകലമാനപെരെയും തെര്യപ്പെടുത്തുന്നതു എന്തെന്നാൽ

ഞാൻ ടി തറവാട്ടിൽ ൨-ാമത്തെ ശെഷക്കാരനും അവകാശിയും ൨൯ വയസ്സ ഉള്ളവനു ആയിരിക്കുമ്പൊൾ എന്റെ അറിവും സമ്മതവും കൂടാതെ എന്റെ അമ്മാവനായ ടി വീട്ടിൽ കണക്ക ഗൊവിന്ദൻ പത്മനാഭൻ അവർകൾ മുതൽപെരു കൂടി തറവാട്ടു ദൊഷമായ ചില ക്രമ നടപടികൾ നടത്തി ചാരായ പ്രമാണങ്ങൾ ജനിപ്പിച്ചു വരുന്നതായി അറിയുന്നു ആ വക പ്രമാണങ്ങളും മെലാൽ എന്റെ അറിവും സമ്മതവും കൂടാതെ ജനിപ്പിക്കുന്ന പ്രമാണങ്ങളും സാധുവാകുന്നതല്ലാ എന്നു ഇതിനാൽ തെര്യപ്പെടുത്തുന്നു.

൧൦൯൭ ാമാണ്ടു ധനുമാസം ൨൧-നു

കണക്ക പത്മനാഭൻ ഗൊവിന്ദൻ (ഒപ്പു)

Proclamation of sale of immovable property Section 284 of the Code of Civil Procedure

In the District Munsiff's Court at Devicolam.

O S. 18 of 1075.

Plaintiff—A. Suppen Chetty of Bodinayakanoor by Agent A. S. Suppen Chetty of Do.

Defendant—Mr. G. W. Claridge (deceased) his legal representatives his wife Mrs. G. W. Claridge and his minor Children (whose names are mentioned.)

Whereas by a decree made in the above suit and dated the 7th Thulam 1077 the above named Defendants were ordered to pay to the above named Plaintiff the sum of Rs. 393-1 *a.* 2 *p.* and Rs. 46 14 *a.* 11 *ps.* costs of suit making in all sum of Rs. 440-1 *p.* and execution costs, and by an order for sale dated the 8th day of June 1907 the immovable property described in the schedule hereto was ordered to be sold in satisfaction of the said decree.

And whereas it is represented by the decree-holder that he has caused search to be made in the office of the Registrar of Assurances of Devicolam from 1071 to Dhanu 1082, it is hereby notified that the said property will be sold by public auction on the 8th June 1907 at the locality and from 11th June 1907 to 13th June 1907 in the court-house subject to the conditions of sale hereunder specified.

Conditions of Sale.

1. The conditions prescribed by the Code of Civil Procedure shall apply to this sale.

2. The highest bidder shall be the purchaser and if any dispute arise as to any bidding the property shall be put up again. The decree-holder shall be at liberty to bid with the permission of the court. No person shall advance a less sum at each bidding than shall be named by the auctioneer on putting up the property and no bidding shall be retracted.

3. Each purchaser shall immediately after the sale to him pay to the auctioneer 25 % of his purchase money and sign the agreement below and shall pay the residue of the purchase money into court before 3 P. M. on or before the 15th day after the sale to him.

4. The property is believed and shall be taken to be correctly described as to quantity and otherwise and any omission or misstatement in this proclamation shall not annul the sale or be a ground for any compensation on either side.

5. The certificate of Registrar of assurances of the result of above search and the copy of the decree under which the property is sold may be inspected at the office of the said court on any day before the sale during office hours and whether the purchaser shall have inspected the same or not he shall be considered by bidding at the sale to have waived all objections appearing on the face thereof.

6. Further hearing of the above suit is adjourned to the 13th day of July 1907 when the sale will come before the court for confirmation. On such day any purchaser may make any objection to the sale of which he shall have given 5 days' previous notice in writing to the parties to the suit. Any objection not so made shall be considered as waived and if no objection be so made the title shall be considered as accepted and the sale as valid in all respect and in this respect time shall be deemed of the essence of contract.

7. If any purchaser fail to comply with any of these conditions his deposit shall be forfeited to Government the lot sold to him shall be resold and such purchaser shall be liable for the deficiency, if any, on such resale together with all expenses attending the same.

Schedule.

1	2	3	4	5		6		7
Day and hour of sale.	No. of lot.	Description of property.	Interst of the judgment-debtor.	Revenue on rent assessed on land. Local taxes and rates payable thereon.		Documents found registered.		Boundaries.
				Annual amount.	Amount now due.	Date and reference to register.	Short description of the document.	
				Fanams.	Fanams.			
13th June 1907 between 2 to 4 P. M.	1	Almei Medu coffee Estate in Koondalay: Ellapetty Koudour Proverthy Meenachil Sub-division Kottayam District. Measuring $6\frac{3}{4}$ acres	Jenmom right.	...	...	....	...	*East*:—Keel Thadam Muakkadu. *West*:—Ell-petty Kadu. Moorakkadu Poollu Medu and Moorimala Kadu. *South*:—Edavala Kadu Marumala Poolum Medu. *North*:—Kandu Medu Society vaga Ellapetty.

Memorandum of Agreement.

It is hereby agreed that at the sale by auction this day of the property above decided. A B of (address and desription) was the highest bidder for and has become the purchaser of lot for the sum of Fs upon the terms above mentioned and that he has paid to the Auctioneer the sum of Fs. as a deposit.

Date.

Given under my hand and the seal of the court this day of 108 .

A. W. L. VERNEDE,
District Munsiff.

Advertisement.

Applications are invited for the post of treasurer, Vaikam temple, carrying a salary of Rs. 25 per mensem and requiring a security of Rs. 2500 in cash or Government Promissory notes. Candidates with a fair knowledge of English would be preferred. They should forward their applications with copies of testimonials to the undersigned by the 15th May 1907.

Kottayam,
11th April, 1907.

K. P. SANKARA MENON,
Dewan Peishkar.

TRAVANCORE
GOVERNMENT GAZETTE
SUPPLEMENT.

Tuesday,
23rd April, 1907.



തിരുവിതാംകോട്ടു നിയമനിർമ്മാണസഭായോഗത്തിലെ നടപടി.

സഭായോഗം ൧൯൦൭ ഏപ്രിൽ ൨൩-ാം൹ ൧൦൮൨ മീനം ൩൧-ാം൹ ചൊവ്വാഴ്ച വൈകുന്നേരം ൪ മണിക്കു പുത്തൻകച്ചേരിയിൽ ദിവാൻ കച്ചേരി ചെയ്യുന്ന മുറിയിൽ കൂടി.

ഹാജർ:—

ദിവാൻ ബഹദൂർ എസ്. ഗോപാലാചാര്യർ എസ്ക്വയർ ബി. എ., ബി. എൽ.
ദിവാൻ, പ്രസിഡണ്ട് അദ്ധ്യക്ഷൻ.
വി. നാഗമയ്യാ എസ്ക്വയർ ബി. എ., എഫ്. ആർ. ഹിസ്. എസ്.
എ. ഗോവിന്ദപ്പിള്ള എസ്ക്വയർ ബി. എ., ബി. എൽ.
വി. കെ. കേശവപിള്ള എസ്ക്വയർ എം. എ.
എ. ജെ. വിയറാ എസ്ക്വയർ ബി. എ.
എ. എം. കുഞ്ഞുനായകംപിള്ള എസ്ക്വയർ ബി. എ., ബി. എൽ.
ഇ. രാമയ്യർ എസ്ക്വയർ.
കെ. ജി. ശേഷയ്യർ എസ്ക്വയർ ബി. എ., ബി. എൽ.

എൻ. രാമചന്ദ്രയ്യർ എസ്ക്വയർ ബി. എ., ബി. എൽ. സെക്രട്ടറി.

ആവിക്കിടാരങ്ങളേയും മുഖ്യചലനയന്ത്രങ്ങളേയും സംബന്ധിച്ചുള്ള ബിൽ.

മിസ്റ്റർ വിയറാ—സഭയുടെ കഴിഞ്ഞ യോഗത്തിൽ ഭേദപ്പെടുത്തപ്പെട്ട പ്രകാരമുള്ള ഈ ബില്ലിനെ അനുവദിക്കണം എന്നും, അതു ൧൦൮൩ ചിങ്ങം ൧-ാം൹ മുതൽ നടപ്പിൽ വരണം എന്നും ഇന്നു സന്നിഹിതനല്ലാതിരിക്കുന്ന മിസ്റ്റർ മഹാദേവയ്യരുടെ ഭാഗപക്ഷത്തിൽചേർന്ന് അദ്ദേഹം ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ ഗോവിന്ദപ്പിള്ള അനുകൂലമായി പറഞ്ഞു.

അനുകൂലപ്രതികൂലഭാവം നോക്കി അനുവദിക്കപ്പെട്ടു.

ക്രിമിനൽ നടപടി നിയമത്തെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ.

മിസ്റ്റർ ഗോവിന്ദപ്പിള്ള—ക്രിമിനൽ നടപടി നിയമത്തെ ഭേദപ്പെടുത്തുന്നതിനുള്ള ബില്ലിന്മേൽ പ്രത്യേകകമ്മിറ്റിയുടെ റിപ്പോർട്ടിനെ പര്യാലോചനയ്ക്കു എടുക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു. മെമ്പർമാർ ഇതിൽ പ്രവേശിക്കാൻ നിശ്ചയിച്ചിരിക്കുന്ന ഭേദഗതികളെ കുറിച്ചു ഇതുവരെ യാതൊരു അറിയിപ്പും കിട്ടീട്ടില്ല. എങ്കിലും ബില്ലിന്റെ പ്രാധാന്യത്തെ കരുതി ബില്ലിനെ വകുപ്പു വകുപ്പായിട്ടു സഭയിൽ വായിക്കണം എന്നും, അതിലെ വ്യവസ്ഥകളെപ്പറ്റി പര്യാലോചിക്കണം എന്നും ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ രാമയ്യർ അനുകൂലമായി പറഞ്ഞു.

അനുവദിക്കപ്പെട്ടു.

വകുപ്പ് II

മിസ്റ്റർ രാമയ്യർ— ൧-ാം വകുപ്പിൽ ഒന്നാം വരിയിൽ 'ഒന്നാം ക്ലാസ് മാജിസ്ത്രേട്ടിന്റെയും' എന്നതു കഴിഞ്ഞു 'രണ്ടാം ക്ലാസ് മാജിസ്ത്രേട്ടിന്റെയും' എന്നു ചേർക്കണം. ൩-ാം വരിയിൽ 'ഒന്നാം ക്ലാസ് മാജിസ്ത്രേട്ടിന്' എന്നതിനു പകരം 'ആ മാജിസ്ത്രേട്ടന്മാർക്ക്' എന്നു ചേർക്കണം. ചില ഇനങ്ങളിലുള്ള കുറ്റങ്ങൾക്കു രണ്ടാം ക്ലാസ് മാജിസ്ത്രേട്ടന്മാർക്കും സാധാരണാധികാരങ്ങൾക്കു പുറമെ കൂടുതൽ അധികാരങ്ങൾ കൊടുക്കുന്നതിനു ൩-ാം നമ്പർ പട്ടിക ഉദ്ദേശിക്കുന്നു. ഈ ഭേദഗതി വാക്പ്രയോഗത്തിൽ മാത്രം ഉള്ളതും വകുപ്പിലെ വാക്പ്രയോഗത്തെ പട്ടികക്കു യോജ്യമാക്കുന്നതിലേക്കു ആവശ്യവും ആകുന്നു.

മിസ്റ്റർ ശേഷയ്യർ അനുകൂലമായി പറഞ്ഞു.

അനുമതിക്കപ്പെട്ടു.

മിസ്റ്റർ മുത്തുനായകംപിള്ള— ൧-ാം വകുപ്പിൽ രണ്ടാം വരിയിൽ 'പുറമെ' എന്നതു കഴിഞ്ഞു, 'നമ്മുടെ ഗവർമ്മെണ്ടിനാൽ ആ മാജിസ്ത്രേട്ടിനു കൊടുക്കപ്പെട്ടാവുന്ന അധികാരങ്ങൾ ആയി' എന്നു ചേർക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ പദങ്ങൾ ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിൽ ഉണ്ടു. ഇവ അർത്ഥത്തെ വ്യക്തമാക്കും.

മിസ്റ്റർ ശേഷയ്യർ അനുകൂലമായി പറഞ്ഞു.

അനുമതിക്കപ്പെട്ടു.

വകുപ്പ് III

വകുപ്പു വമന്തു ബി.

മിസ്റ്റർ ഗോവിന്ദപ്പിള്ള—൧-ാം വകുപ്പിൽ ൭-ാം വരിയിൽ '൧-ാം നിയമത്തിൽ' എന്നതു കഴിഞ്ഞു 'സാധാരണ വിചാരണകൾക്കു' എന്നു ചേർക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ ഭേദഗതിയുടെ ഉദ്ദേശ്യം വാക്പ്രയോഗത്തെ അധികം ഖണ്ഡിതമാക്കുന്നതിലേക്കു ആകുന്നു.

മിസ്റ്റർ ശേഷയ്യർ അനുകൂലമായി പറഞ്ഞു.

അനുമതിക്കപ്പെട്ടു.

വമന്തു സി, വമന്തു ഡി, വമന്തു ഇ.

മിസ്റ്റർ രാമയ്യർ— സർ, ഈ വകുപ്പുകളെ ചേർത്തു വായിച്ചു നോക്കിയതിൽ ൧-ാം അദ്ധ്യായം അനുസരിച്ചു സമ്മരിയായി വിചാരണ ചെയ്യപ്പെടുന്ന കേസുകളിൽ തെളിവു രേഖപ്പെടുത്തുന്ന സംഗതിയിൽ ഒരു വൈഷമ്യം ഉള്ളതായി തോന്നുന്നു. അപ്പീൽ ചെല്ലുന്ന കേസുകളിലും അപ്പീൽ ചെല്ലാത്ത കേസുകളിലും തെളിവു രേഖപ്പെടുത്തുന്ന സംഗതിയിൽ ഒരു വ്യത്യാസത്തെ പാലിക്കാൻ ഉണ്ടു എന്നു വമന്തു ഡി, വമന്തു ഇ, ഈ വകുപ്പുകളിലെ വ്യവസ്ഥകളിൽ കാണുന്നു. അധികം വ്യക്തമാക്കി പറയുന്നതായാൽ അപ്പീൽ ചെല്ലുന്ന കേസുകളിൽ സാക്ഷികളുടെ തെളിവിന്റെ സാരം രേഖപ്പെടുത്തണം എന്നും മറ്റു കേസുകളിൽ ഇതിനെ ഒഴികാം എന്നും മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ പ്രതിപാദിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലെ ആക്ടിൽ ൨൬൩-ാം വകുപ്പിലും ൨൬൪-ാം വകുപ്പിലും അടങ്ങിയിരിക്കുന്ന വ്യവസ്ഥകളെ പോലെ അല്ലാതെ അപ്പീൽ ചെല്ലാത്തതായി നമ്മുടെ നിയമം അനുസരിച്ചു ഒരു മാജിസ്ത്രേട്ട് വിചാരണ ചെയ്യാവുന്ന കേസുകൾ, ൫൦ രൂപയിൽ കവിയാതെ പിഴശിക്ഷ ഒരു ഡിസ്ത്രിക്ട് മജിസ്ത്രേട്ട് വിധിക്കുന്ന കേസുകൾ മാത്രം ആകുന്നു. അങ്ങിനെയുള്ള ഒരു മാജിസ്ത്രേട്ട് സമ്മരിയായി വിചാരണ ചെയ്യാവുന്ന ഒരു കുറ്റത്തിന്റെ സംഗതിയിൽ സാക്ഷികളെ വിസ്തരിക്കുന്നതിനു ആരംഭിക്കുന്നതിനു മുമ്പായിട്ടു തന്നെയും പ്രസ്തുതമായ കേസിനെ അപ്പീൽ ചെല്ലുന്ന കേസായിട്ടൊ അപ്പീൽ ചെല്ലാത്ത കേസായിട്ടൊ എങ്ങിനെ ഗണിക്കണം എന്നു നിശ്ചയിക്കേണ്ടതായി വരുന്നു. ഈ സംശയത്തെ പരിഛേദിക്കുന്നതു കേസിനു അവസാനത്തിൽ നിശ്ചയിക്കാവുന്ന വിധിയുടെ സ്വഭാവത്തെയും വ്യാപ്തിയെയും ആശ്രയിച്ചിരിക്കേണ്ടതായിരിക്കുന്നു. കുറ്റക്കാരൻ എന്തു ശിക്ഷക്കു അർഹൻ ആണെന്നു മുമ്പിൽകൂട്ടി നിശ്ചയിക്കുകയും സംഗതിയുടെ സ്ഥിതിപോലെ വാങ്മൊഴിയുടെ സംക്ഷേപത്തെ എഴുതി എടുക്കുകയൊ വേണ്ടെന്നു വെക്കുകയൊ ചെയ്കയും ചെയ്യുന്നതു ഒരു മാജിസ്ത്രേട്ടിനു സാധ്യം ആയിരിക്കുമോ എന്നും അങ്ങിനെ ചെയ്യുന്നതു യുക്തം ആയിരിക്കുമൊ എന്നും ആകുന്നു ഞാൻ ചോദിക്കുന്നതു.

പ്രസിഡെണ്ട്— മിസ്റ്റർ രാമയ്യർ പറഞ്ഞിട്ടുള്ളതുപോലെ ഇതിൽ ഒരു വാസ്തവവൈഷമ്യം ഉണ്ടു. ഒരു ഡിസ്ത്രിക്ട് മാജിസ്ത്രേട്ട് കൊടുക്കാൻ പോകുന്ന ശിക്ഷാവിധിയുടെ സ്വഭാവത്തെയും വ്യാപ്തിയെയും ഓരോ കേസിലും മുമ്പിൽകൂട്ടി സങ്കല്പിക്കയും പിന്നീടു ആ ഡിസ്ത്രിക്ട് മാജിസ്ത്രേട്ട് വമന്തു ഡി. വകുപ്പിലൊ വമന്തു ഇ വകുപ്പിലൊ വ്യവസ്ഥ ചെയ്തിട്ടുള്ള നടപ

ടിയെ അനുവത്തിക്കയും ചെയ്യേണ്ടതായിട്ടുതന്നെ വരുന്നു. ഈ സംഗതിയിൽ പൎയ്യാലോചന അത്യാവശ്യം തന്നെ. ൧൯൬ ഡി ൧൯൬ ഇ എന്ന വകുപ്പുകളിൽ കാണുന്ന വ്യത്യാസം ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിൽ ൨൬൫-ം വകുപ്പിലും ൨൬൬-ം വകുപ്പിലും ഉള്ള തുല്യ വ്യവസ്ഥകളെ യോജിച്ചുതന്നെ ഇരിക്കുന്നു എന്നുള്ളതു നിസ്സംശയം ആകുന്നു. എന്നാൽ സമ്മരി വിചാരണകളിൽ ഉള്ള കുറ്റസ്ഥാപനങ്ങളിന്മേൽ അപ്പീൽ ചെയ്യുന്നതിനുള്ള അവകാശത്തെ കളയുന്നതായി വ്യവസ്ഥ ചെയ്യുന്നതായ ആ ആക്ടിലെ ൪൧൪-ം വകുപ്പിനു തുല്യമായിട്ടു യാതൊരു വ്യവസ്ഥയേയും നാം നമ്മുടെ ബില്ലിൽ ചേൎത്തിട്ടില്ല. ഇങ്ങിനെ ഇരിക്കെ അപ്പീൽ ചെല്ലുന്ന കേസുകളിൽ തെളിവു രേഖപ്പെടുത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള നടപടിയെ തുല്യമായി മറ്റു കേസുകളിലേക്കും അനുവൎത്തിക്കുന്നതു ഗുണകരമല്ലയോ എന്നുള്ളതു പൎയ്യാലോചിക്കേണ്ട ഒരു സംഗതി തന്നെ. അങ്ങിനെ ചെയ്താൽ മിസ്റ്റർ താമ്പ്സൻ പറയുന്ന വൈഷമ്യത്തേയും പരിഹരിക്കാവുന്നതും ആകുന്നു.

കുറെ വാദപ്രതിവാദം നടന്നതിനു പിന്നെ ൧൯൬ ഇ വകുപ്പിനെ വിട്ടുകളയണം എന്നും ൧൯൬ സി, ൧൯൬, ഡി, ഈ വകുപ്പുകളെ ചേൎത്തു താഴെ എഴുതുന്നപോലെ ആക്കണം എന്നും മിസ്റ്റർ താമ്പ്സൻ അഭിപ്രായപ്പെട്ടു —

൧൯൬ സി. ൩൯-ം അദ്ധ്യായപ്രകാരം ഉള്ള വിചാരണകളിൽ സമ്മൻസ് കാൎയ്യങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന നടപടിയെ ഇതിനു താഴെയുള്ള വകുപ്പിൻ പ്രകാരം പറഞ്ഞിരിക്കുമ്പോൾ ഒഴികെ അനുവൎത്തിക്കേണ്ടതാകുന്നു.

മജിസ്ട്രേട്ട് സാക്ഷികളുടെ വാമൊഴിയെ പൂൎണ്ണമായി രേഖപ്പെടുത്തേണ്ട ആവശ്യം ഇല്ല; എന്നാൽ ആ മജിസ്ട്രേട്ട് അതിന്റെ സാരത്തെ രേഖപ്പെടുത്തുകയും നമ്മുടെ ഗവൎമ്മെന്റ് അനുവദിക്കുന്ന മാതിരിയിൽ താഴെ പറയുന്ന വിവരങ്ങൾ ചേൎത്തു എഴുതി വെക്കയും വേണം.

(എ) യഥാക്രമമായ നമ്പർ,
(ബി) കുറ്റം ചെയ്ത തീയതിയും;
(സി) റിപ്പോൎട്ടിന്റെയോ അപേക്ഷയുടേയോ തീയതിയും;
(ഡി) അന്യായക്കാരൻ ഉണ്ടെങ്കിൽ അയാളുടെ പേരും;
(ഇ) കുറ്റം ചുമത്തപ്പെട്ട ആളുടെ പൂൎണ്ണമായ പേരും മേൽവിലാസവും.
(എഫ്) ആവലാതി പറഞ്ഞ കുറ്റവും, കുറ്റം വല്ലതും തെളിഞ്ഞിട്ടുണ്ടെങ്കിൽ ആ കുറ്റവും;
(ജി) കുറ്റം ചുമത്തപ്പെട്ടവന്റെ വാദവും, അയാളുടെ വിസ്താരം വല്ലതും ഉണ്ടെങ്കിൽ അതും;
(എച്ച്) തെളിവിനെ പറ്റിയ അഭിപ്രായവും ഒരു കുറ്റസ്ഥാപനമാകുന്ന കാൎയ്യത്തിൽ അതിനുള്ള ന്യായങ്ങളുടെ ഒരു സംക്ഷിപ്തവിവരവും,
(ഐ) ശിക്ഷാവിധിയോ മറ്റു തീൎച്ച ഉത്തരവോ ഉള്ളതും.
(ജെ) വിസ്താരം മുതലായി നടത്തിയ പ്രവൃത്തികൾ അവസാനിച്ച തീയതിയും.

"൧൯൬ ഡി. ഈ അദ്ധ്യായ പ്രകാരം ഉണ്ടാകുന്ന യാതൊരു കുറ്റസ്ഥാപനത്തിന്റെ സംഗതിയിലും ഒരു മാസത്തിൽ കവിയുന്ന ഒരു കാലത്തേക്കുള്ള യാതൊരു തടവു ശിക്ഷാ വിധിയും വിധിക്കയും അരുതു."

മിസ്റ്റർ ഗോവിന്ദപ്പിള്ള അനുകൂലമായി പറഞ്ഞു,

അനുമതിക്കപ്പെട്ടു.

വകുപ്പ് ൧൯൬-എഫ്.

മിസ്റ്റർ കുഞ്ഞൻനായകംപിള്ള — ഈ വകുപ്പിനു ൧൯൬ ഇ. എന്നു നമ്പർ ഇടണം; ഈ വകുപ്പിൽ ൧-ാം വരിയിൽ ൧൯൬ ഡി. എന്നതിനെ ൧൯൬ സി എന്നാക്കണം; ൨-ാം വരയിൽ "റിക്കാൎഡുകളും" എന്നതിനു പകരം "റിക്കാൎഡ്" എന്നു ചേൎക്കണം, "൧൯൬-ഇ. വകുപ്പിൻപ്രകാരം രേഖപ്പെടുത്തുന്ന വിധിന്യായങ്ങളും" എന്നതിനെ വിടണം. ഈ ഭേദഗതികൾ ഇപ്പോൾ അനുവദിച്ചതായ ഭേദഗതിയുടെ ഫലമായി ആവശ്യമായി തീൎന്നിരിക്കുന്നു.

മിസ്റ്റർ പീയേഴ്സ് അനുകൂലമായി പറഞ്ഞു,

അനുമതിക്കപ്പെട്ടു.

IV മുതൽ XIII വരെ വകുപ്പുകളും XVII-വകുപ്പും.

മിസ്റ്റർ ഗോവിന്ദപ്പിള്ള — സിലക്ട കമ്മിറ്റിയുടെ റിപ്പോൎട്ടിന്റെ ൩-ം വാക്യത്തിൽ അടങ്ങിയിരിക്കുന്ന അഭിപ്രായങ്ങളെ സഭ സ്വീകരിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു; അതിൽ പറഞ്ഞിട്ടുള്ള ഭേദഗതികൾ ബില്ലിൽ IV മുതൽ XIII വരെ വകുപ്പുകളും XVII വക

ട്ടും അസെസർമാരോടു കൂടിയുള്ള വിചാരണകളെ സംബന്ധിച്ച പ്രാചീനതകൾ അനാവശ്യമാകയാൽ അവയെ ബില്ലിൽ നിന്നു എടുത്തു കളയണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ കേശവപിള്ള അനുകൂലമായി പറഞ്ഞു.

മിസ്റ്റർ ശേഷയ്യർ — സർ, അസെസർമാരോടു കൂടിയുള്ള വിചാരണയുടെ മൂലസിദ്ധാന്തം ഈ സഭയുടെ മുമ്പിലത്തെ ഒരു യോഗത്തിൽ ദീർഘവാദത്തിനു വിഷയമായി തീർച്ചപ്പെടുത്തിയതുപോലെ അനുവദിക്കപ്പെട്ടിട്ടുള്ളതിനാൽ ആ ഏർപ്പാടിനെ നടപ്പാക്കേണ്ടതാകുന്നു എന്നുള്ള സംഗതി ബില്ലിന്റെ ഈ ഘട്ടത്തിൽ വീണ്ടും സഭയിൽ വാദത്തിനു വിഷയമാക്കി ഒരു നടത്തിപ്പിനെ ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ അനുസരിച്ചു വിചാരണ ചെയ്യാമോ എന്നു എനിക്കു സംശയം ഉണ്ടു. സഭ നടത്തിപ്പിനെ കുറിച്ചുള്ള ചട്ടങ്ങളിൽ ൩൮-ാം വകുപ്പിൻപ്രകാരം, ഏതെങ്കിലും ഒരു ബിൽ പ്രത്യേകകമ്മിറ്റിയാൽ പര്യാലോചിക്കപ്പെടുന്ന ശേഷം പ്രസിദ്ധപ്പെടുത്തി കഴിഞ്ഞാൽ പിന്നീടു പര്യാലോചിക്കുന്നതു അതിന്റെ അഭിപ്രായവും ബില്ലിന്റെ മൂലസിദ്ധാന്തത്തെ പരാമർശിക്കാൻ പാടില്ല. വ്യക്തമായ ഈ വ്യവസ്ഥയെ അനാദരിക്കുന്നതു സഭയിലെ നടപടികൾക്കുള്ള പരിണാമസ്ഥിതിക്കു ചാഞ്ചല്യം വരുത്തുന്നതായിരിക്കും. ജൂറിമാരുടെ സമ്മതം ഇല്ലാത്തതുകൊണ്ടു ജൂറിമാരെക്കൊണ്ടുള്ള വിചാരണ ഏർപ്പെടുത്തുന്ന വ്യവസ്ഥയെ ഉപേക്ഷിക്കേണ്ടി വന്നു എങ്കിലും അസെസർമാരോടു കൂടി വിചാരണ ചെയ്യുന്ന ഏർപ്പാടു സഭയാൽ അംഗീകരിക്കപ്പെട്ടു എന്നു ഞാൻ പ്രസ്താവിച്ചു കൊള്ളുന്നു. ശാന്തമായ ഈ ആനുകൂല്യം കൂടി ഉപേക്ഷിക്കപ്പെടേണ്ടതാണെങ്കിൽ അതു ദൗർഭാഗ്യകരമായ ഒന്നായി ഭവിക്കും.

മിസ്റ്റർ നായർ — എന്റെ സ്നേഹിതനായ മിസ്റ്റർ ശേഷയ്യർ പറഞ്ഞ ചട്ടത്തിന്റെ വ്യാഖ്യാനത്തിൽ ഞാൻ യോജിക്കുന്നില്ലാ. പ്രത്യേകകമ്മിറ്റിക്കു ബില്ലിനെ ഭേദപ്പെടുത്താനും തള്ളിക്കളയുന്നതിനു ശിപാർശ ചെയ്യാൻ കൂടി അധികാരം ഉണ്ടെന്നു ചട്ടങ്ങളിലെ ൩൮-ാം വകുപ്പുകൊണ്ടു വ്യക്തം ആകുന്നു. ഇതുകൊണ്ടു ബില്ലിൽ നിന്നു വല്ല പ്രത്യേക ഭാഗങ്ങളെയും വിട്ടുകളയേണം എന്നുള്ള കമ്മിറ്റിയുടെ അഭിപ്രായത്തെ പറ്റി പര്യാലോചിക്കുന്നതിനു സഭക്കു അധികാരം ഉണ്ടെന്നുള്ളതു സിദ്ധിക്കുന്നു. ഈ വ്യവസ്ഥ ആവശ്യം ഉണ്ടോ എന്നു നോക്കുന്നതായാൽ രാജ്യത്തിലെ പരിഷ്കാരം ഇപ്പോൾ അത്ര അധികം വർദ്ധിച്ചിട്ടില്ലാത്തതിനാൽ അസെസർമാരോടു കൂടി വിചാരണ ചെയ്യുന്ന ഏർപ്പാടിനെ നടപ്പാക്കുന്നതു ഉചിതം അല്ലാ എന്നു എനിക്കു തോന്നുന്നു.

മിസ്റ്റർ മുത്തുനായകംപിള്ള — ദീർഘമായ വാദപ്രതിവാദം നടന്നതിൽ പിന്നെ ഈ വിഷയത്തിന്റെ മൂലസിദ്ധാന്തം സഭയാൽ അനുവദിക്കപ്പെട്ടതുകൊണ്ടു ഈ വിഷയത്തെ പറ്റി സഭ വീണ്ടും പര്യാലോചിക്കാവുന്നതല്ലാ എന്നു എനിക്കു തോന്നുന്നു.

പ്രെസിഡന്റ് — ജൂറിമാരെക്കൊണ്ടു വിചാരണ നടത്തിക്കുന്നതു ഇംഗ്ലണ്ടിലെ പ്രജകളുടെ വിശേഷാവകാശം ആകുന്നു. ആ ഏർപ്പാടിനെ ബ്രിട്ടീഷ് ഇൻഡ്യയിൽ നടപ്പാക്കുന്നതിനു പരിശ്രമം ചെയ്യപ്പെട്ടു. ഏതാനും സംഗതികളിൽ മാത്രമേ ആ ഏർപ്പാടിനെ അനുവദിക്കുന്നതിനു ഗവർമെന്റ് തയ്യാറായിരുന്നുള്ളു. ഗവർമെന്റു അസെസർമാരോടു കൂടിയുള്ള വിചാരണയെ ഒരു ആനുകൂല്യമായിട്ടു; അഥവാ ജൂറിമാരെക്കൊണ്ടുള്ള വിചാരണക്കു പകരമായിട്ടോ അനുവദിച്ചു. അടിസ്ഥാനമായി നില്ക്കുന്നതു ജൂറിമാരെക്കൊണ്ടുള്ള വിചാരണതന്നെ; ഈ ഏർപ്പാടുകൂടാതെ അസെസർമാരോടു കൂടിയുള്ള വിചാരണക്കു സ്വയം അധികം വലിയ വിലയില്ല; എന്നു തന്നെയല്ല അതു തനിച്ചായാൽ അസംബന്ധമായി കൂടി ഇരിക്കും. ഇംഗ്ലണ്ടിൽ ചില കേസുകളെ അസെസർമാരോടു കൂടി വിചാരണ ചെയ്യുന്നതിനു വ്യവസ്ഥ ഉണ്ടെന്നുള്ളതു നിസ്സന്ദേഹം തന്നെ. എന്നാൽ ഈ വ്യവസ്ഥ നാവികമായും മറ്റുമുള്ള പ്രത്യേക മാതിരി കേസുകൾക്കു മാത്രമെയുള്ളു; അവക്കു വിദഗ്ദ്ധാഭിപ്രായം ലഭിക്കുന്നതു ആവശ്യമാകയാൽ ആണു അങ്ങനെ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നതു. ഇതുകൊണ്ടു ഇതുപോലെ സംശയാസ്പദമായ ഒരു നിയമം നടപ്പാക്കുന്നതു ഉചിതമാണോ എന്നു നിങ്ങൾ ആലോചിക്കേണ്ടതാകുന്നു.

പ്രസ്തുത വ്യവസ്ഥകളെ വെച്ചുകൊള്ളുന്നതു ആവശ്യമാണോ അല്ലയോ എന്നു ഈ യോഗത്തിൽ പര്യാലോചിക്കുന്നതിനു സഭക്കു അധികാരം ഉണ്ടോ എന്നുള്ള കാര്യത്തിൽ വിശേഷിച്ചു ൩൮-ം വകുപ്പിന്റെ സ്ഥിതിക്കു, അങ്ങനെ പര്യാലോചിക്കുന്നതു സഭയുടെ ചട്ടങ്ങൾക്കു വിരുദ്ധം ആണെന്നു ഞാൻ വിചാരിക്കുന്നില്ലാ എങ്കിലും വിഷയം പ്രധാനം ആകയാൽ ഇതിൽ അനുകൂല പ്രതികൂല വാദം കേൾക്കുന്നതു നാളെ പകൽ ഒരു മണിക്കു ആകാം എന്നു വെക്കുന്നു.

സഭ വൈകീട്ടു ആറെകാൽ മണിക്കു പിരിഞ്ഞു.

സഭായോഗം ൧൯൦൯ ഏപ്രിൽ ൩൧-ാം ൹ ബുധനാഴ്ച ദിവസം [illegible] പകൽ ൧൧ മണിക്കു പുത്തൻകച്ചേരിയിൽ ദിവാൻ കച്ചേരി ചെയ്യുന്ന മുറിയിൽ വീണ്ടും കൂടി.

ഹാജർ.

ദിവാൻബഹദൂർ എസ്. ഗോപാലാചാര്യർ എസ്ക്വയർ ദിവാൻ...പ്രസിഡെണ്ട് ആയിരുന്നു.

വി. നാഗംഅയ്യാ എസ്ക്വയർ ബി. എ., എഫ്. ആർ. ഹി. എസ്.
കെ. ഗോവിന്ദപ്പിള്ള എസ്ക്വയർ ബി. എ., ബി. എൽ.
വി. ഐ. കേശവപിള്ള എസ്ക്വയർ എം. എ.
എ. ജെ. വീയറാ എസ്ക്വയർ ബി. എ.
എ. എം. മുത്തുനായകംപിള്ള എസ്ക്വയർ ബി. എ., ബി. എൽ.
ഇ. രാമയ്യർ എസ്ക്വയർ.
കെ. ജി. ശേഷയ്യർ എസ്ക്വയർ ബി. എ., ബി. എൽ.

എൻ. രാമചന്ദ്രയ്യർ എസ്ക്വയർ ബി. എ., ബി. എൽ. സെക്രട്ടറി.

പ്രെസിഡെണ്ട്—പ്രത്യേക കമ്മിററിയുടെ ശിപാർശയിന്മേൽ ഇപ്പോൾ സഭാസമക്ഷം മിസ്റ്റർ ഗോവിന്ദപ്പിള്ള പ്രയോഗിച്ച അഭിപ്രായത്തെപ്പററി പര്യാലോചിക്കുന്നതിനും സഭയ്ക്കു അധികാരം ഉണ്ടെന്നു ഇതിനെ കുറിച്ചു [illegible] പര്യാലോചിക്കയും പ്രമാണഗ്രന്ഥങ്ങളെ നോക്കുകയും ചെയ്തതിൽപിന്നെ എനിക്കു ബോദ്ധ്യം വന്നിരിക്കുന്നു. ഇനി കൂടുതൽ വാദപ്രതിവാദം നടത്താതെ, ആ അഭിപ്രായത്തെപ്പററി സഭ്യന്മാരുടെ അനുകൂലപ്രതികൂല ഭാവങ്ങളും അറിയാം.

ആ അഭിപ്രായത്തെപ്പററി അനുകൂലപ്രതികൂല ഭാവങ്ങൾ നോക്കിയതിൽ അതിനനുകൂലമായി ഭൂരിപക്ഷക്കാർ അഞ്ചു പേർ കൂടുതലായിരുന്നതിനാൽ അതു അനുവദിക്കപ്പെട്ടു.

വകുപ്പു XIV.

മിസ്റ്റർ മുത്തുനായകംപിള്ള—൧൪-ാം വകുപ്പിൽ ൧-ാം വരിയിൽ 'കഴിഞ്ഞു' എന്നതിനെ "ആയിട്ടു" എന്നാക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ വീയറാ അനുകൂലം ആയി അഭിപ്രായപ്പെട്ടു.

അനുവദിക്കപ്പെട്ടു.

വകുപ്പു XV.

മിസ്റ്റർ രാമയ്യർ.—൧൫-ാം വകുപ്പിൽ "൧-ാമത്തെയും ൨-ാമത്തെയും വരിയിൽ ഉള്ള "൩൦-ാം വകുപ്പിൽ 'ഉററസ്ഥാപനം ആയിട്ടുള്ള' എന്നതിനു പകരം 'ഉററസ്ഥാപനമോ [illegible] ശിക്ഷാവിധിയോ ഉണ്ടായിട്ടുള്ള' എന്നു ചേർക്കയും" എന്നുള്ളതിനെ വിടണം. ൩-ാം വരിയിൽ "ചേർക്കയും ചെയ്യണം" എന്നതിനെ "ചേർക്കണം" എന്നു ആക്കണം.

വിധികളിന്മേൽ അപ്പീൽ ബോധിപ്പിക്കുന്നതിനു വ്യവസ്ഥ ഉണ്ടാക്കത്തക്ക വിധത്തിൽ നിയമത്തിലെ ൩൦-ാം വകുപ്പിൽ ആവശ്യമുള്ള ഭേദഗതികൾ ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ടു ഇപ്പോൾ വിടണം എന്നു ഞാൻ അഭിപ്രായപ്പെട്ടിട്ടുള്ള വാക്കുകൾ പുനരുക്തമായി ഭവിക്കുന്നു.

മിസ്റ്റർ ശേഷയ്യർ അനുകൂലമായി പറഞ്ഞു.

അനുമതിക്കപ്പെട്ടു.

വകുപ്പു XVI.

മിസ്റ്റർ രാമയ്യർ—൧൬-ാം വകുപ്പിനു പകരം താഴെ എഴുതുന്നതിനെ ചേർക്കണം എന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

൩൦-ാം വകുപ്പിനെ താഴെ എഴുതുമ്പോലെ ഭേദപ്പെടുത്തി ചേർക്കണം:—

"൩൦-ാം വകുപ്പിനെ [illegible] ഹൈക്കോടതിയാലോ മററു പല കീഴ്ക്കോടതികളാലോ അല്ലെങ്കിൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനാലോ മററു [illegible] വകുപ്പു പ്രകാരമോ ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനാൽ [illegible] വകുപ്പു പ്രകാരമോ [illegible] ഉററസ്ഥാപനമോ ശിക്ഷാവിധിയോ ഉണ്ടാകയാലോ നടത്തപ്പെട്ട ഒരു വിചാരണയിൽ ഉററസ്ഥാപനമോ ശിക്ഷാവിധിയോ ഉണ്ടാകയാൽ [illegible] അപ്പീൽ ചെയ്യാവുന്നതാകുന്നു. [illegible] ചെയ്തിട്ടുള്ള വല്ല അപ്പീൽ സെഷൻസ് കോടതിയിൽ അപ്പീൽ ചെയ്യുന്ന ശിക്ഷാവിധിക്കു വകുപ്പു അനുസരിച്ചു എഴുതുന്ന ഉററസ്ഥാപനത്തിന്മേലും ചെയ്യുന്ന ശിക്ഷാവിധിയിന്മേലും അപ്പീൽ ചെയ്യുന്നതിലേക്കു വ്യവസ്ഥ ഉണ്ടാക്കേണ്ടിയിരിക്കുന്നതിനാൽ ൩൦-ാം വകുപ്പിൽ ൩൦-ാം ഭേദഗതികൾ ആവശ്യമായി തീർന്നിരിക്കുന്നു.

മിസ്റ്റർ ഗോവിന്ദപ്പിള്ള അനുകൂലമായി പറഞ്ഞു.

അനുമതിക്കപ്പെട്ടു.

വകുപ്പ XVIII.

മിസ്റ്റർ മുത്തുനായകംപിള്ള ഇംഗ്ലീഷിനെ മാത്രം സംബന്ധിക്കുന്ന ഒരു വാക്പ്രയോഗം ചെയ്യണം എന്നു അഭിപ്രായപ്പെട്ടു.

മിസ്റ്റർ രാഘയ്യർ അനുകൂലമായി പറഞ്ഞു.

അനുവദിക്കപ്പെട്ടു.

വകുപ്പ XIX.

വകുപ്പ ൧൯ ഏ.

മിസ്റ്റർ വീയറാ ഇംഗ്ലീഷിനെ മാത്രം സംബന്ധിക്കുന്ന രണ്ടു ഭേദഗതികൾ അർത്ഥത്തെ വ്യക്തപ്പെടുത്താനായി ചെയ്യണം എന്നു അഭിപ്രായപ്പെട്ടു

മിസ്റ്റർ കേശവപിള്ള അനുകൂലമായി പറഞ്ഞു.

അനുമതിക്കപ്പെട്ടു.

മിസ്റ്റർ ശേഷയ്യർ—൧൯ാം വകുപ്പിൽ ൭-൮-൯ാം വരികളിൽ "ബാല്യത്തേയും നടപ്പവസ്ഥയേയും പൂർവ്വ വൃത്താന്തങ്ങളേയും കുറ്റത്തിന്റെ നിസ്സാരത്വത്തേയും കുറ്റം നടന്നതിൽ ആ കുറ്റത്തെ ലഘുവാക്കി തീർക്കുന്ന വല്ല അവസ്ഥകളേയും" എന്നതിനു പകരം "ബാല്യത്തെയൊ, നടപ്പവസ്ഥയേയൊ, പൂർവ്വവൃത്താന്തങ്ങളേയുമൊ കുറ്റത്തിന്റെ നിസ്സാരത്വത്തെയൊ കുറ്റം നടന്നതിൽ ആ കുറ്റത്തെ ലഘുവാക്കി തീർക്കുന്ന വല്ല അവസ്ഥകളേയുമൊ" എന്നു ചേർക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു. വകുപ്പിലെ ഇപ്പോഴത്തെ വാക്പ്രയോഗം നോക്കിയാൽ ന്യായമായി കരുതുന്നവന്നു ൧൯ാം വകുപ്പിനാൽ ഉദ്ദേശിച്ചിട്ടുള്ള ശിക്ഷാവിധി നിറുത്തിവെക്കലിന്റെ ഗുണം സിദ്ധിക്കാൻ അവകാശം ഉണ്ടാകണമെങ്കിൽ നാലു സംഗതികളിൽ ഓരോന്നും അതായതു ബാല്യം, നടപ്പവസ്ഥയും പൂർവ്വവൃത്താന്തങ്ങളും, കുറ്റത്തിന്റെ നിസ്സാരത്വം കുറ്റം നടന്നതിൽ ആ കുറ്റത്തെ ലഘുവാക്കി തീർക്കുന്ന വല്ല അവസ്ഥകളും, ഇവയെല്ലാം ചേർന്നിരിക്കണം എന്നു കാണുന്നു. അങ്ങിനെ യോജിച്ചിരിക്കുന്ന കേസുകൾ വളരെ ദുർല്ലഭം ആയിരിക്കും. അതുകൊണ്ടു ഗുണയുക്തം ആയ ൧൯ാം വ്യവസ്ഥ നടപ്പുകൊണ്ടു നോക്കിയാൽ ഉപയോഗഹീനം ആയി ഭവിക്കും. ആ നാലു സംഗതികളിൽ ഏതെങ്കിലും ഒന്നുമാത്രം ഉണ്ടെന്നു കാണിച്ചാൽ ൧൯ാം വകുപ്പുകൊണ്ടുള്ള ഗുണം സിദ്ധിക്കുന്നതാണെന്നു വെക്കുന്നതു നന്നായിരിക്കും എന്നു ഞാൻ വിചാരിക്കുന്നു.

മിസ്റ്റർ രാഘയ്യർ അനുകൂലമായി പറഞ്ഞു.

മിസ്റ്റർ മുത്തുനായകംപിള്ള—ഈ ഖണ്ഡത്തിലെ വാക്പ്രയോഗം ബ്രിട്ടീഷ് ആക്ടിലെ വാക്പ്രയോഗത്തിൽ നിന്നു പകർത്തിയതാകുന്നു. ആ ആക്ടിൻപ്രകാരം ശിക്ഷാവിധിയെ നിറുത്തിവെക്കാനുള്ള അവകാശത്തിനു, മേൽപറഞ്ഞ നാലു സംഗതികൾ എല്ലാം യോജിക്കേണ്ടതാകുന്നു. ഇപ്പോൾ അഭിപ്രായപ്പെട്ടിട്ടുള്ള പോലെയുള്ളതു മൌലികമായ ഭേദഗതി യുക്തമാണൊ എന്നുള്ളതു സംശയമാണു.

മിസ്റ്റർ വീയറാ—എല്ലായ്പോഴും ഈ നാലു സംഗതികളും യോജിക്കണം എന്നു നിഷ്കർഷിക്കേണ്ടതു ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു. ഇതിൽ അധികം ഈ വ്യവസ്ഥയിൽ ഉദ്ദേശിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

പ്രെസിഡണ്ട്—മേൽപറഞ്ഞ നാലു സംഗതികളും യോജിക്കുമ്പോൾമാത്രമെ ഈ ആനുകൂല്യം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളു എന്നു എനിക്കും തോന്നുന്നു എന്നാൽ നാം ഇതിൽ അധികം വല്ല ആനുകൂല്യം ചെയ്യേണ്ടതാണൊ എന്നുള്ളതു നാം ഇപ്പോൾ പര്യാലോചിക്കേണ്ടതായ ഒരു വിഷയം ആകുന്നു.

ഇതിനെപ്പററി ഒരു വാദം നടക്കുകയും അതിൽ പിന്നെ ബാല്യം, അല്ലെങ്കിൽ നടപ്പവസ്ഥയും പൂർവ്വവൃത്താന്തങ്ങളും, ൧൯ാം ഒരു സംഗതിക്കു പുറമെ കുറ്റത്തിന്റെ നിസ്സാരത്വം, കുററം നടന്നതിൽ ആ കുററത്തെ ലഘുവാക്കിതീർക്കുന്ന വല്ല അവസ്ഥകളും, എന്നിങ്ങനെയുള്ള ഒടുവിലത്തെ രണ്ടു സംഗതികളിൽ ഏതെങ്കിലും ഒന്നുമാത്രം ഉണ്ടായിരുന്നാൽ മതിയെന്നു മിസ്റ്റർ കേശവപിള്ള അഭിപ്രായപ്പെട്ടു. ൭-ാം വരിയിൽ 'ബാല്യത്തേയും' എന്നതിനു പകരം 'ബാല്യത്തെയോ' എന്നും ൮-ാമത്തെ വരിയിൽ 'പൂർവ്വവൃത്താന്തങ്ങളേയും' എന്നതിനു പകരം 'പൂർവ്വവൃത്താന്തങ്ങളെയുമൊ ഈ സംഗതിയോടു കൂടി' എന്നും നിസ്സാരത്വത്തേയും' എന്നതിനു പകരം 'നിസ്സാരത്വത്തേയോ' എന്നും ൯-മത്തെ വരിയിൽ 'അവസ്ഥകളേയും' എന്നതിനു പകരം 'അവസ്ഥകളേയുമൊ' എന്നും ചേർക്കണം എന്നാകുന്നു മിസ്റ്റർ കേശവപിള്ള അഭിപ്രായപ്പെട്ടതു.

മിസ്റ്റർ നാഗമയ്യാ അനുകൂലമായി പറഞ്ഞു. അനുകൂല പ്രതികൂല വോട്ടുകൾ നോക്കി ഭേദഗതി ഭൂരിപക്ഷക്കാരാൽ അനുവദിക്കപ്പെട്ടു.

മിസ്റ്റർ വീയറാ—൨൦-ം വകുപ്പിൽ ൨-ം ഖണ്ഡത്തിൽ ൩-ം വരിയിൽ "മാതാപിതാക്കന്മാരൊ" എന്നതിനെ "മാതാവൊ പിതാവൊ" എന്നാക്കണം. വാക്പ്രയോഗത്തിന്റെ ഐകരൂപ്യം വരുന്നതിലേക്കാകുന്നു ഈ ഭേദഗതി.

മിസ്റ്റർ മുത്തുനായകംപിള്ള അനുകൂലമായി പറഞ്ഞു.

അനുമതിക്കപ്പെട്ടു.

മിസ്റ്റർ മുത്തുനായകംപിള്ള— (ഇംഗ്ലീഷിനെ മാത്രം സംബന്ധിക്കുന്ന ഒരു ഭേദഗതി).

മിസ്റ്റർ രാമയ്യർ അനുകൂലമായി പറഞ്ഞു.

അനുമതിക്കപ്പെട്ടു.

വകുപ്പ് ൨൧ (ബി).

മിസ്റ്റർ നാഗമയ്യാ— ൨൧-ം വകുപ്പിലെ ൧-ം ഉപവകുപ്പിൽ ൨-ം വരിയിൽ "അവന്റെ ആദ്യത്തെ കുറ്റത്തിന്റെ" എന്നതിനു പകരം "ആ കുറ്റത്തിന്റെ" എന്നു ചേർക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇതു വാക്പ്രയോഗത്തിൽ മാത്രം ഉള്ള ഒരു ഭേദഗതിയാകുന്നു.

മിസ്റ്റർ കേശവപിള്ള അനുകൂലമായി പറഞ്ഞു.

അനുമതിക്കപ്പെട്ടു.

